SG-3628/23

# റിപ്പോർട്ട്

നീണ്ടകര വില്ലേജിൽ Resurvey no: 106/9-ൽ പെട്ട 10 ആർ 59 ച്ച: മീ.ൽ സ്ഥലത്തുനിന്നും 2.56 ആർസ് സ്ഥലം ഹൈവേ വികസനത്തിനായി വിട്ടുകൊടുത്തതിനു ശേഷം, ഹൈവേയിൽ നിന്നും, 220 B പ്രകാരമുള്ള അകലം പാലിക്കാതെ നിൽക്കുന്ന Residential Building ക്രമവത്കരിക്കുന്നതിനാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. (Building no UA XII/99)

1. നിലവിലുള്ള കെട്ടിടത്തിന് കടലിൽ നിന്നും 104.50m അകലമാണുള്ളത്. ആയതിനാൽ CRZ-ൽ നിന്നുള്ള അനുമതി ആവശ്യമാണ്.
2. 220 B violation ഉള്ളതിനാൽ ഹൈവേ അതോറിറ്റിയിൽ നിന്നുള്ള NOC ഹാജരാക്കേണ്ടതാണ്.
3. ഇതേ പ്ലോട്ടിൽ, രണ്ടുനിലകളിലായി Commercial Building നിർമ്മാണം നടത്തിയിട്ടുണ്ട്. Ground floor നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. First floor നിർമ്മാണം പൂർത്തീകരിക്കാത്ത നിലയിലും കാണുന്നു. ഉചിതമായ നടപടിക്കായി സമർപ്പിക്കുന്നു.

Existing ground floor
Residential Building
Ground floor - 162.88 $m^2$
First floor area - 33.72 $m^2$
196.60 $m^2$

Archana
Overseer
L.S.G.D. Section
Neendakara

[signature]

ഭരണഭാഷ-മാതൃഭാഷ

നമ്പർ.400319/BFRL01/GPO/2023/3628/(1)

നീണ്ടകര ഗ്രാമ പഞ്ചായത്ത് ആഫീസ്

നീണ്ടകര.പി.ഓ

കൊല്ലം

E-mail:secneendakara@gmail.com

തീയതി : 07/09/2023

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ശ്രീ സോമൻ സാമ
സുന്ദരി, പുത്തൻതുറ പി.ഒ., നീണ്ടകര

സർ,

വിഷയം:- വാസഗൃഹകെട്ടിടങ്ങളുടെ (ഗ്രൂപ്പ് എ1) ക്രമവത്കരണത്തോടൊപ്പം നിർമ്മാണനുമതിക്കുള്ള അപേക്ഷ- അറിയിപ്പ് നൽകുന്നത് സംബന്ധിച്ച്

സൂചന:- താങ്കളുടെ 23/08/2023 തീയതിയിലെ 3628/2023 നമ്പർ അപേക്ഷ .

താങ്കളുടെ സൂചന അപേക്ഷപ്രകാരം ഈ കാര്യാലയത്തിലെ സാങ്കേതിക വിഭാഗം ജീവനക്കാർ നടത്തിയ സ്ഥലപരിശോധനയിൽ ടി നിർമ്മാണം തീരദേശ പരിപാലന നിയമം, കേരളാപഞ്ചായത്ത് രാജ് നിയമം 220(ബി) വകുപ്പ് എന്നിവ ലംഘിക്കപ്പെടുന്നതിനാൽ ക്രമവൽക്കരണം അനുവദനീയമല്ലെന്ന് അറിയിക്കുന്നു. കൂടാതെ സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ട ചുവടെ ചേർക്കുന്ന വസ്തുതകൾ കൂടി തെര്യപ്പെടുത്തുന്നു.

1.ടി നിർമ്മാണം കടലിൽനിന്നും 104.50 മീറ്റർ അകലം മാത്രമേ പാലിക്കപ്പെടുന്നുള്ളൂ ആകയാൽ സി.ആർ.ഇസ്സഡ്.പരിധിയിൽപ്പെടുന്നു.

2.ടി നിർമ്മാണം ദേശീയപാതയോട് ചേർന്നാണ് നിലനിൽക്കുന്നത്.

3.ടി പ്ലോട്ടിൽ രണ്ടുനിലകളിലായി ഒരു കൊമേഴ്സ്യൽകെട്ടിടം നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത് ക്രമവൽക്കരണം നടത്തിയിട്ടില്ല.

4.ടി സൈറ്റ് പ്ലാനിൽ UA 12/99 എന്ന് നമ്പർ രേഖപ്പെടുത്തിയ കെട്ടിടമുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു എന്നാൽ ഗ്രാമപഞ്ചായത്ത് അസ്സസ്സ്മെൻറ് രജിസ്റ്റർ പരിശോധിച്ചതിൽ അത്തരത്തിൽ ഒരുനമ്പർ ഉള്ളതായി കാണുന്നില്ല. ആകയാൽ ടി കെട്ടിട നമ്പർ തെളിയിക്കുന്നതിന് ആധികാരികരേഖ

എന്തെങ്കിലും ഉള്ളപക്ഷം ഹാജരാക്കേണ്ടതാണെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,

ലൈലാമണി എം എസ്

അസിസ്റ്റന്റ് സെക്രട്ടറി

Signature Not Verified
Digitally signed by LAILAMONEY M S
Date: 2023.09.07 10:50:09 IST
Reason: ILGMS Govt. of kerala

നമ്പർ.400319/BADC01/GPO/2023/4079/(1)

നീണ്ടകര ഗ്രാമ പഞ്ചായത്ത് ആഫീസ്

നീണ്ടകര.പി.ഓ

കൊല്ലം

E-mail:secneendakara@gmail.com

തീയതി : 02/11/2023

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ശ്രീ സോമൻ ശ്രീമതി.സാമ
സുന്ദരി, പുത്തൻതുറ പി.ഒ., നീണ്ടകര

സർ,

വിഷയം:- ബഹു. എൽ.എസ്.ജി.ഡി. ജോയിൻറ് ഡയറക്ടർക്ക് സമർപ്പിക്കപ്പെട്ട പരാതിയിൽ നടപടി വിവരങ്ങൾ അറിയിക്കുന്നത് സംബന്ധിച്ച്

സൂചന:- 1. ബഹു.എൽ.എസ്.ജി.ഡി. കൊല്ലം ജില്ലാ ജോയിൻറ് ഡയറക്ടറുടെ 10/10/2023 തീയതിയിലെ 5978 നമ്പർ കത്തും, താങ്കളുടെ പരാതിയും.
2. താങ്കൾ ഈ കാര്യാലയത്തിൽ 23/08/2023 തീയതിയിൽ സമർപ്പിച്ച 2023/3628 നമ്പർ അപേക്ഷ .

സൂചനകൾ ശ്രദ്ധിച്ചാലും, വീട്ട് നമ്പർ ലഭിക്കാത്തതിൽ ആക്ഷേപം ഉന്നയിച്ച് ബഹു. എൽ.എസ്.ജി.ഡി. ജോയിൻറ് ഡയറക്ടർക്ക് താങ്കൾ 19/09/2023 തീയതി രേഖപ്പെടുത്തി സമർപ്പിച്ച പരാതി നടപടിസ്വീകരിക്കുന്നതിലേക്കായി ഈ കാര്യാലയത്തിലേക്ക് ലഭ്യമാക്കിയിട്ടുണ്ട്. ടി പരാതി പരിശോധിച്ചതിൽ താങ്കളുടെ വക 106/9 റീസർവ്വേ നമ്പരിൽപ്പെട്ട സ്ഥലത്ത് നിർമ്മിക്കപ്പെട്ട വാസഗൃഹ നിർമ്മാണം ക്രമവൽക്കരിക്കുന്നതിനായി 23/08/2023 തീയതിയിൽ ഈ കാര്യാലയത്തിൽ സമർപ്പിക്കപ്പെട്ട 2023/3628 നമ്പർ അപേക്ഷയിൻമേൽ സാങ്കേതിക വിഭാഗം പരിശോധന നടത്തിയതിൽ ടി നിർമ്മാണം ദേശീയപാതയോട് ചേർന്ന് നിലനിൽക്കുന്നതായും, കടലിൽനിന്നും 104.50 മീറ്റർ മാത്രമേ അകലം പാലിക്കപ്പെടുന്നുള്ളൂ എന്നതിനാൽ തീരദേശ പരിപാലന നിയമംലംഘിക്കപ്പെടുന്നതായും, ടി പ്ലോട്ടിൽതന്നെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള രണ്ട് നില കൊമേഴ്സ്യൽകെട്ടിടം ക്രമവൽക്കരണം നടത്തിയിട്ടില്ലെന്നും ഒക്കെയുള്ള കാരണങ്ങളാൽ ക്രമവൽക്കരണം അനുവദനീയമല്ലെന്ന് റിപ്പോർട്ട് ചെയ്തിരുന്നു. ആയതിൻറെ അടിസ്ഥാനത്തിൽ മേൽവസ്തുതകൾ ഈ കാര്യാലയത്തിലെ 07/09/2023 തീയതിയിലെ 2023/3628(1) നമ്പർ കത്ത് മുഖാന്തിരം താങ്കളെ അറിയിച്ചിരുന്നുമാണ്. ടി കെട്ടിട പരിശോധനയിൽ ടി നിർമ്മാണം തീരദേശ പരിപാലന നിയമം, കേരളാ പഞ്ചായത്ത് രാജ് നിയമം 220(ബി) എന്നിവ

ലംഘിക്കപ്പെടുന്നതിനാലാണ് താങ്കളുടെ ടി നിർമ്മാണം ക്രമവൽക്കരിച്ച് കെട്ടിടനമ്പർ അനുവദിക്കാതിരുന്നിട്ടുള്ളത് എന്നവസ്തുത ഒരിക്കൽകൂടി തെര്യപ്പെടുത്തുന്നു. ആകയാൽ താങ്കൾ ബഹു. എൽ.എസ്.ജി.ഡി. കൊല്ലം ജില്ലാജോയിൻറ് ഡയറക്ടർക്ക് സമർപ്പിച്ച അപേക്ഷയിൻമേൽ ഈ കാര്യാലയത്തിൽനിന്നും നടപടിസ്വീകരിച്ച് പരിഹരിക്കാൻ കഴിയില്ലെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ,

ലൈലാമണി എം എസ്
അസിസ്റ്റൻറ് സെക്രട്ടറി

Signature Not Verified
Digitally signed by LAILAMONEY M S
Date: 2023.11.02 10:50:09 IST
Reason: ILGMS Govt. of kerala

ഭരണഭാഷ-മാതൃഭാഷ

നമ്പർ.400319/BADC01/GPO/2023/4079/(2)

നീണ്ടകര ഗ്രാമ പഞ്ചായത്ത് ആഫീസ്
നീണ്ടകര.പി.ഓ
കൊല്ലം
E-mail:secneendakara@gmail.com

തീയതി : 03/11/2023

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ബഹു.ജോയിൻറ് ഡയറക്ടർ
തദ്ദേശ സ്വയംഭരണവകുപ്പ്, കൊല്ലം

സർ,

വിഷയം:- നീണ്ടകര ഗ്രാമപഞ്ചായത്ത് - പരാതിയിൻമേൽ സ്വീകരിച്ച നടപടിവിവരങ്ങൾ റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന:- 1. അങ്ങയുടെ കാര്യാലയത്തിലെ 10/10/2023 തീയതിയിലെ LSGD/JD/KLM/5978/2023-E4 നമ്പർ കത്ത്.
2. ഈ കാര്യാലയത്തിലെ 02/11/2023 തീയതിയിലെ 2023/4079(1) നമ്പർ കത്ത്.

സൂചനകൾ ശ്രദ്ധിച്ചാലും, അങ്ങയുടെ കാര്യാലയത്തിൽ ശ്രീ.സോമൻ, ശ്രീമതി.സാമ, സുന്ദരി,പുത്തൻഈറ പി.ഒ. എന്നിവർ സമർപ്പിച്ച പരാതി പരിശോധിച്ചതിൽ ടി കക്ഷികളുടെ 106/9 റീസർവ്വേനമ്പരിൽപ്പെട്ട സ്ഥലത്ത് നിർമ്മിച്ച 196.60 ച.മി. വിസ്തൃതിയുള്ള കെട്ടിട ക്രമവൽക്കരണത്തിനായി 23/08/2023 തീയതിയിൽ 2023/3628 നമ്പരായി സമർപ്പിച്ച അപേക്ഷയിൽ സാങ്കേതിക വിഭാഗം സ്ഥലപരിശോധന നടത്തിയതിൽ ടി നിർമ്മാണം തീരദേശ പരിപാലന നിയമം (C.R.Z), കേരളാ പഞ്ചായത്ത് രാജ് നിയമം 220(ബി) എന്നിവ ലംഘിക്കപ്പെടുന്നതായും റിപ്പോർട്ട് ചെയ്തിരുന്നു. മേൽസാഹചര്യത്തിൽ ടി നിർമ്മാണം ക്രമവൽക്കരിച്ച് നമ്പർ അനുവദിക്കാൻ കഴിയില്ലെന്ന് 07/09/2023 തീയതിയിൽ കത്ത് മുഖാന്തിരം അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്. സൂചന 1 കത്തിൻറെ അടിസ്ഥാനത്തിൽ ടി കക്ഷികൾക്ക് മേൽ വസ്തുതകൾ അറിയിച്ച് ഒരിക്കൽക്കൂടി 02/11/2023 തീയതിയിൽ കത്ത് (സൂചന 2)നൽകിയിട്ടുണ്ട്. നിയമലംഘനങ്ങൾ നടത്തി നിർമ്മിക്കപ്പെട്ട കെട്ടിടമാകയാൽ ഈ കാര്യാലയത്തിൽ നിന്നും നടപടികൾ സ്വീകരിച്ച് കെട്ടിട നമ്പർ അനുവദിക്കാൻ കഴിയുകയില്ലെന്ന വസ്തുത അങ്ങയുടെ അറിവിലേക്ക് സവിനയം റിപ്പോർട്ട് ചെയ്യുന്നു.

ഉള്ളടക്കം-സൂചന 2

വിശ്വസ്തതയോടെ.

Secretary
Neendakara Grama Panchayat
Neendakara P.O.,Kollam- 691 582
Kerala, India. Mob. 9496041801